# Visit of Chief of Army Staff and Foreign Secretary to Myanmar (October 4-5, 2020)

October 05, 2020

# മ്യാൻമാറിലേക്കുള്ള ഉന്നത ആർമി ഉദ്യോഗസ്ഥന്റെയും വിദേശകാര്യ സെക്രട്ടറിയുടെയും സന്ദർശനം(ഒക്ടോബർ 4-5 2020)

ഒക്ടോബർ 05, 2020

ഉന്നത സൈനിക ഉദ്യോഗസ്ഥൻ (COAS) ജനറൽ എംഎം നരവനെ, PVSM, AVSM, SM, VSM, ADC, കൂടാതെ വിദേശകാര്യ സെക്രട്ടറി (FS) ഹർഷ് വർധന ശ്രിംഗള, എന്നിവർ 2020 ഒക്ടോബർ 4-5 തീയതികളിൽ മ്യാൻമർ സന്ദർശിച്ചു. അടുത്ത കുറച്ച് വർഷങ്ങളായി സ്ഥിരമായി ഉന്നത തല സന്ദർശനങ്ങൾ,ഇടപെടലുകൾ എന്നിവ മൂലം മൂലം അടയാളപ്പെടുത്തിയ ഉഭയകക്ഷി ബന്ധങ്ങളുടെ സ്ഥിരമായ പുരോഗതി അവലോകനം ചെയ്യാൻ സന്ദർശനത്തിന്റെ അവസരം ഉപയോഗപ്രദമായി.

സാൻ സൂകിയെയും കമാൻഡർ ഇൻ ചീഫ് ഓഫ് ഡിഫൻസ് സർവീസസ് സീനിയർ ജനറൽ മിൻ ഓങ് എച് ലയിങ് എന്നിവരെ സന്ദർശിച്ചു. COAS ,മ്യാൻമർ ആംഡ് സർവീസസിന്റെ ഡെപ്യൂട്ടി കമാൻഡർ-ഇൻ-ചീഫായ വൈസ് സീനിയർ ജനറൽ സോ വിന്നിനെയും സന്ദർശിച്ചു.

മ്യാൻമാർ വിദേശകാര്യ വകുപ്പ് സ്ഥിര സെക്രട്ടറിയായ യു സൊ ഹാനിനെ വിദേശകാര്യ വകുപ്പ് സെക്രട്ടറി സന്ദർശിച്ചു. മുൻപ് , 2020 ഒക്ടോബർ 1 ന് ഇരു വിഭാഗവും തമ്മിലെ വിർച്വൽ വിദേശകാര്യ പര്യാലോചനകൾ വഴി ഉഭയകക്ഷി സഹകരണമേഖലകളെകുറിച്ചുള്ള ഗഹനമായ ചർച്ചകൾ നടത്തിയിരുന്നു.

കണക്ടിവിറ്റി പ്രോജക്ടുകൾ, വിഭവ ശേഷി വികസനം, പവർ ,ഊർജം എന്നിവ, സാമ്പത്തിക വ്യാപാര ബന്ധനങ്ങൾ എന്നിവയിലെ പങ്കത്തിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, വ്യക്തിഗതമായതും സാംസ്കാരികമായുമുള്ള കൈമാറ്റങ്ങൾ കൂടുതൽ സൗകര്യപ്പെടുത്തുന്നതിനും മൂന്നു തരത്തിലുള്ള സൈനിക മേഖലകളിലും സഹകരണം വിപുലീകരിക്കുന്നതിനും ഇരു വിഭാഗങ്ങളും അനുകൂലിച്ചു. കോവിഡ് -19 പകർച്ചവ്യാധിമൂലമുണ്ടായ പ്രതിസന്ധികൾ നേരിടുന്നതിനുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനും ഇരു വിഭാഗവും അനുകൂലിച്ചു.പകർച്ചവ്യാധിയ്ക്കെതിരെയുള്ള മ്യാൻമറിന് സഹായിക്കുന്നതിനുള്ള പ്രതിബദ്ധതയുടെ സൂചകമെന്ന നിലയിൽ COAS ,FS എന്നിവർ റെമഡിസിവിർ മരുന്നിന്റെ 3000 കുപ്പികൾ നൽകി. വാക്സിനുകൾ ലഭ്യമാകുന്ന സമയത്ത് അവ പങ്കുവയ്ക്കുന്നതിൽ മ്യാൻമാറിന് മുൻഗണന നല്കാൻ ഇന്ത്യ സന്നദ്ധമാണെന്നും വിദേശകാര്യ സെക്രട്ടറി സൂചിപ്പിച്ചു. 2020 ഡിസംബർ 31 വരെയുള്ള കാലാവധിയിലേക്ക്, G -10 ഡെബ്റ്റ് സെർവീസ് സസ്പെൻഷൻ ഇനിഷ്യേറ്റീവിലൂടെ വായ്പ ആനുകൂല്യങ്ങൾ നല്കുന്നതിനായുള്ള ഇന്ത്യയുടെ തീരുമാനത്തെ മ്യാൻമാർ പ്രശംസിച്ചു.

തിമാനാ ഹൈവേ, കലാദൻ മൾട്ടി മോഡൽ ട്രാൻസിറ്റ് ട്രാൻസ്‌പോർട്ട് പ്രോജക്ട് എന്നിവ പോലെ ഇന്ത്യൻ സഹായത്താൽ നടന്നുകൊണ്ടിരിക്കുന്ന നിർമാണ പ്രവർത്തനങ്ങളിൽ പുരോഗതിയും ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു. നൂതന സംരംഭങ്ങളായ യമെത്തിൻ വുമൺ'സ് പോലീസ് അക്കാദമിയുടെ നവീകരണം, അടിസ്ഥാന സാങ്കേതിക പരിശീലനം തുടങ്ങിയവയുടെ പ്രവർത്തങ്ങൾക്കും മ്യാൻമാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ പോലുള്ള ദീർഘകാലം നീണ്ട നിൽക്കുന്ന പ്രോജക്ടുകൾക്കായുള്ള നടപടികൾ എന്നിവയെക്കുറിച്ചുള്ള കാഴ്ചപാടുകൾ അവർ പങ്കു വച്ചു.2021 ആദ്യത്തിൽ രാഖിനെ സംസ്ഥാനത്തെ സിറ്റ്വേ തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങുന്നതിനും അവർ സമ്മതിച്ചു.

രാഖിനെ സ്റ്റെയ്റ്റ് ഡെവലപ്‌മെന്റ് പ്രോഗ്രാം (RSDP) ന് കീഴിൽ നടന്ന ഗണ്യമായ പുരോഗതിയും നൈപുണ്യ വികസന കേന്ദ്രം ഉൾപ്പടെ പദ്ധതിയുടെ ഘട്ടം -III മുന്നോട്ടുവച്ച പ്രോജക്ടുകൾ അവസാനത്തിലേക്കെത്തിയതും ഇരു വിഭാഗങ്ങളും നിരീക്ഷിച്ചു.സന്ദർശനത്തിനിടയിൽ RSDP യ്ക്ക് കീഴിലുള്ള കാർഷിക യന്ത്രവൽക്കരണം നവീകരിക്കുന്നതിനുള്ള പ്രോജക്ട് ഉടമ്പടിയും ഒപ്പു വച്ചു. രാഖിനെ സംസ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെട്ട ആളുകൾ സുരക്ഷിതരായി വേഗത്തിൽ തിരിച്ചെന്നുമെന്നു ഉറപ്പാക്കുന്നതിനായി ഇന്ത്യയുടെ പിന്തുണ വിദേശകാര്യ സെക്രട്ടറി അറിയിച്ചു.

അതിർത്തി പ്രദേശങ്ങളിൽ സുരക്ഷിതത്വവും സ്ഥിരതയും പാലിക്കുന്നതിനെക്കുറിച്ച് ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു. കൂടാതെ ഇത്തരം പ്രദേശങ്ങൾ മറ്റു രാജ്യങ്ങൾക്ക് ദോഷകരമായ പ്രവർത്തികൾക്കായി ഉപയോഗിക്കുകയില്ലെന്ന പരസ്പര പ്രതിബദ്ധതയും ആവർത്തിച്ചുറപ്പിച്ചു. ഇന്ത്യൻ ഇൻസർജെന്റ് ഗ്രൂപ്പിലെ 22 സേനാംഗങ്ങളെ ഇന്ത്യയ്ക്ക് തന്നെ കൈമാറിയതിൽ ഇന്ത്യൻ വിഭാഗം തങ്ങളുടെ നന്ദി അറിയിച്ചു.

ചിൻ സംസ്ഥാനത്തെ ബ്യാൻയു/സർശിചൗകിൽ അതിർത്തി ഹാറ്റ് ബ്രിഡ്ജ് നിർമിക്കുന്നതിന് ഇന്ത്യ 2 മില്യൺ യു എസ് ഡോളറിന്റെ ഗ്രാന്റ് പ്രഖ്യാപിച്ചു, ഇത് മ്യാൻമാറിനും മിസോറാമിനും ഇടയിലെ സാമ്പത്തിക ബന്ധം മെച്ചപ്പെടുത്തുന്നതാണ്.2020 മാർച്ച് 31 വരെയുള്ള തീയതികളിൽ മ്യാൻമാറിലേക്ക് 1.5 ലക്ഷം ടണ്ണുകൾ ഉഴുന്ന് (വിഗ്നമുൻഗോ) കയറ്റുമതി ചെയ്യുന്നതിനുള്ള ക്വാട്ടയും പ്രഖ്യാപിച്ചു. മൈറ്റ്കിനയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ സോഫ്ട്‌വെയർ ഡെവലപ്‌മെന്റ് ആൻഡ് ട്രെയ്നിങ് ന്റെ ഉദ്ഘാടനം വിർച്വലായി നിർവഹിച്ചു. നെയ് പൈ തോ യിലെ എംബസി ലയസൻ ഓഫിസ് വിദേശകാര്യമന്ത്രി മ്യാൻമാർ വിദേശകാര്യ മന്ത്രാലയത്തിലെ സ്ഥിരം സെക്രട്ടറിയായ യു സൊ ഹനുമായി ചേർന്ന് നിർവഹിച്ചു.

2016 ഭൂകമ്പത്തിൽ കേടുപാടുകൾ സംഭവിച്ച ബഗാൻ പഗോഡകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ഉൾപ്പടെ സാംസ്‌കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിന് ഇന്ത്യ നൽകിയ സഹായത്തിനു മ്യാൻമാർ വിഭാഗം നന്ദി അറിയിച്ചു. ലോകമാന്യ തിലകിന്റെ 100 മത് ചരമവാർഷിക അനുസ്മരണത്തോടനുബന്ധിച്ച് മണ്ഡലയിൽ അദ്ദേഹത്തിന്റെ ഒരു അർദ്ധകായ പ്രതിമ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ഇരു ഭാഗങ്ങളും ചർച്ച ചെയ്തു.മണ്ഡലേ ജയിലിൽ തടവിലാക്കപ്പെട്ട സമയത്താണ് ലോക്മന്യ തിലക് ഭഗവദ്ഗീതയുടെ സാരാംശമായ ഗീത രഹസ്യം എഴുതിയത്. ഇന്ത്യൻ ഇതിഹാസങ്ങൾ ബർമീസ്

ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതുൾപ്പടെ സാംസ്കാരിക സഹകരണത്തിന്റെ മറ്റു മേഖലകളെക്കുറിച്ചും ചർച്ച ചെയ്തു.

21 സ്റ്റ് സെഞ്ചുറി പങ്ലോങ്ങ് പീസ് കോൺഫറൻസിന്റെ നാലാമത് സമ്മേളനവും വിജയകരമായി പൂർത്തിയാക്കിയതിനു വിദേശകാര്യ സെക്രട്ടറി മ്യാൻമറിനെ അഭിനന്ദിച്ചു കൂടാതെ ജനാധിപത്യപരമായ മാറ്റത്തിന് ഭരണഘടന പരമായ ഭരണരീതികൾ, സംയുക്തസംസ്ഥാന വ്യവസ്ഥിതി എന്നിവ സംബന്ധിച്ച അനുഭവമാണ് പങ്കു വച്ചുകൊണ്ടുള്ള പിന്തുണയും ഇന്ത്യ ഉറപ്പു നൽകി.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി,ഇരു രാജ്യങ്ങളും ഉഭയകക്ഷി ബന്ധങ്ങളിൽ പ്രസക്തമായപുരോഗതി കരസ്ഥമാക്കിയിരുന്നു കൂടാതെ ഓയിൽ, ഗ്യാസ്, പവർ, നിർമാണമേഖല കൂടാതെ ഫാർമസ്യൂട്ടിക്കൽസ് എന്നിവയിലെ പുതിയ നിക്ഷേപങ്ങൾ എന്നിവയുൾപ്പെടെ സഹകരണത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തുകയും ചെയ്തിരിക്കുന്നു. ഇന്ത്യൻ പവർ ഗ്രിഡ് , മ്യാൻമാർ ഗ്രിഡ് എന്നിവയ്ക്കിടയിൽ ഹൈ കപ്പാസിറ്റി, ഹൈ വോൾട്ടേജ് ഗ്രിഡ് നിർമിക്കുന്നതിനായുള്ള ചർച്ചകളും നടത്തി. വടക്കു കിഴക്കൻ സംസ്ഥാങ്ങളും മ്യാൻമാരും തമ്മിലുള്ള ലോ വോൾട്ടേജ് റെഡിയായി ഇന്ററർകണക്ഷനുകൾക്കായുള്ള ചർച്ചകൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നാവിക മേഖലയിലും ദുരന്ത നിവാരണ മേഖലയിലും ഉള്ള സഹകരണം വിപുലീകരിക്കപ്പെട്ടിരിക്കുന്നു. പ്രാദേശികവും അന്തർദേശീയവുമായ ഫോറമുകളിൽ ഇരു രാജ്യങ്ങളും സഹകരിച്ചു വരുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. ലാൻഡ് ബോർഡർ ക്രോസിങ് ഉടമ്പടിയുടെ വിജയകരമായ പ്രവർത്തനം, ഇന്ത്യ, മ്യാൻമാർ , തായ്‌ലൻഡ് ത്രിരാഷ്ട്ര മോട്ടോർ വാഹന ഉടമ്പടി എന്നിവയുടെ ചർച്ചകൾ പോലുള്ള നൂതമായ സംരംഭങ്ങളും മുന്നോട്ടു പോകുന്നുണ്ട്.

മ്യാൻമാറിലേക്കുള്ള COAS ,FS എന്നിവരുടെ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ വികസനോന്മുഖമായ ആവേഗത്തിനു നൽകുന്ന ഉയർന്ന മുൻഗണനയുടെ പ്രതിഫലനമാണ്.

**ന്യൂ ഡൽഹി**
**05 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.